**No. CEE/4600/2019/KEAM-2020/TA4**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

# KEAM- 2020

## സർക്കാർ കോളേജുകളിലെ ബി.ഫാം കോഴ്സിലേയ്ക്കുള്ള മോപ്–അപ്പ് കൗൺസലിംഗ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

2020–21 അദ്ധ്യയന വർഷത്തെ ബി.ഫാം കോഴ്സിലേയ്ക്ക് കേരളത്തിലെ സർക്കാർ ഫാർമസി കോളേജുകളിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ നികത്തുന്നതിനായി നടത്തിയ ഓൺലൈൻ മോപ് അപ് കൗൺസിലിംഗിന്റെ അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **01.02.2021 മുതൽ 04.02.2021 വൈകിട്ട് 3.00 മണി** വരെ വിദ്യാർത്ഥികൾ ഓൺലൈനായി നൽകിയ ഓപ്ഷനുകൾ പരിഗണിച്ചാണ് അലോട്ട്മെന്റ് തയ്യാറാക്കിയിരിക്കുന്നത്. സർക്കാർ ഫാർമസി കോളേജുകളിലെ EWS ക്വാട്ട സീറ്റുകൾ ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓൺലൈൻ മോപ് അപ് അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കേണ്ടതും പ്രവേശന സമയത്ത് കോളേജ് അധികാരിയുടെ മുമ്പിൽ ഹാജരാകേണ്ടതുമാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതുമായ ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) 06.02.2021 മുതൽ 09.02.2021 വൈകിട്ട് 3.00 മണി വരെ ഓൺലൈൻ പേയ്മെന്റ് മുഖേനയോ ഹെഡ് പോസ്റ്റോഫീസ് മുഖേനയോ ഒടുക്കിയശേഷം 09.02.2021 വൈകുന്നേരം 3.00 മണിക്ക് മുമ്പായി പ്രവേശനം ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഹോം പേജിലെ 'Data Sheet' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റ്, അലോട്ടുമെന്റ് മെമ്മോ, പ്രോസ്പെക്ടസ്സ് ക്ലോസ് 11.7.1. പ്രകാരമുള്ള മറ്റു രേഖകൾ എന്നിവ കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്. നിശ്ചിത തീയതിയ്ക്കുള്ളിൽ ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) ഒടുക്കി കോളേജുകളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്.

**കുറിപ്പ്:**

1. നിലവിൽ മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ ബി.ഫാം കോഴ്സിലേയ്ക്കുള്ള മോപ് അപ് കൗൺസിലിംഗ് പ്രകാരം അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ അവരുടെ നിലവിലെ പ്രവേശനം റദ്ദാകുകയും അത്തരം വിദ്യാർത്ഥികൾ നിർബന്ധമായും ബി.ഫാം കോഴ്സിൽ പ്രവേശനം നേടേണ്ടതുമാണ്. അതോടൊപ്പം ബി.ഫാം കോഴ്സിന് പ്രവേശനം ലഭിച്ചിട്ടും പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ മുൻ അലോട്ട്മെന്റും ബി.ഫാം കോഴ്സിലേയ്ക്കുള്ള അലോട്ട്മെന്റും റദ്ദാകുന്നതാണ്.
2. മോപ് അപ് കൗൺസിലിംഗിലൂടെ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ നിശ്ചിത തീയതിയ്ക്കകം പ്രവേശനം നേടാത്തപക്ഷം പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കാൻ ബാധ്യസ്ഥരാണ്.

09.02.2021 വൈകുന്നേരം 3.00 മണി വരെ ഹാജരാകുന്ന വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന പൂർത്തീകരിച്ച് 09.02.2021 വൈകുന്നേരം 4.00 മണിയ്ക്കകം അതത് കോളേജ് പ്രിൻസിപ്പൽമാർ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതുമാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം
05.02.2021

പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി